മിസ്റ്റർ പറമ്പി ലോനപ്പൻ : ഗവമ്മെണ്ടിനു് അധികാരമുണ്ടു്. പക്ഷേ അവിടത്തെ ചീഫുമായി കൺസൽട്ടുചെയ്യുന്നതുകൊണ്ടു ദുഷ്യമൊന്നുമില്ലല്ലോ.

മിസ്റ്റർ കെ. ടി. അച്യുതൻ : സമുദായത്തിന്റെ അവകാശം ശരിയായി വകവെച്ചു കിട്ടണമെന്നുള്ളതാണു കായ്യം. മറ്റസമുദായക്കാക്കു് ആ സ്ഥലത്തിരിക്കാൻ പാടില്ല എന്നു പറയാൻ പാടില്ല.

മിസ്റ്റർ പറമ്പി ലോനപ്പൻ : ഗവമ്മെണ്ടുദ്യോഗസ്ഥന്മാക്കു് ഇന്ന സ്ഥലത്തേ സർവ്വുചെയ്യാൻ പാടുള്ളു എന്നുവെച്ചിട്ടില്ല.

മിസ്റ്റർ കെ. ടി. അച്യുതൻ : അവക്കു ഇന്നസ്ഥലത്തു് ഇരിക്കാൻ പാടില്ലെന്നു വല്ല നിയമവുമുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതൊന്നുമില്ല.

Mr. Deputy President : Order, order. It looks like question time now.

Mr. Parambi Lonappen *(Minister for Public Health):* Sir, the cut motion relates to giving more facilities for bed accommodation and more modern methods of treatment in the Cranganur Hospital. The questions raised by the Hon'ble Members now are not questions directly having any bearing on the subject. These are all general questions which it is not possible for me to answer immediately satisfactorily.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അവിടെ ജാതിമതവ്യത്യാസം കൂടാതെ ഏതു ഡോക്ടക്കും ഇരിക്കാൻ അവകാശമുണ്ടു്. അതില്ല എന്നു വല്ല കാരണംകൊണ്ടു പറയുകയാണെങ്കിൽ അതു സമ്മതിച്ചുകൊടുക്കാൻ പാടില്ല.

Mr. Parambi Lonappen *(Minister for Public Health):* That has nothing to do with this cut motion.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു് : ഖാൻ സാഹിബ്ബു് കരിക്കുളത്തിന്റെയും മറ്റചിലരുടേയും ധനസഹായത്തോടുകൂടി അഴീക്കോട്ടു് ഒരാശുപത്രിയുണ്ടാക്കിയാൽ തരക്കേടില്ല എന്നു് അവർ പറഞ്ഞിട്ടുണ്ടു്. അതു ചെയ്യാൻ സാധിക്കുമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : കുറെ കൃപാ അവർ സഹായിക്കാമെന്നു പറഞ്ഞിട്ടുണ്ടു്. അതിനെപ്പറ്റി കൺസൽട്ടു ചെയ്യുന്നുണ്ടു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : പലതരത്തിലും നിസ്സഹായരായിരിക്കുന്ന അവിടത്തെ ജനങ്ങൾക്കു് ഇക്കായ്യത്തിൽ വേണ്ട സൌകയ്യം ചെയ്യണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

The demand under "17 Medical—Cranganur" put and carried

5. 39—Labour

Mr. K. Balakrishna Menon *(Minister for Development):* Sir, I rise to move for an allotment of Rs. 30,272 under "39 Labour".

Mr. M. Sivarama Menon *(Advocate-General):* I second it.

CUT MOTIONS

1: Labour Legislation passed in British India—Introduction in Cochin State

Mr. P. K. Dewer *(Nominated):* Sir, the cut motion standing in my name reads thus.—

To reduce the allotment of Rs. 30,272 for Labour by Re. 1.

(The failure of the Government to bring into force in Cochin all Labour legislations now in force in British India).

After sending this motion I am glad to note that the Factories Act Amendment Bill is proposed to be introduced by the Government in this particular session. Therefore I would not press this motion. But I want to draw the attention of the Hon'ble Minister to another fact. An Act called "Weekly Holidays Act" was passed in British India in the year 1942 and it has been in existence there since. This has not so far been brought into force in Cochin State. Last year it was promised that soon after any Labour legislation is brought into force in British India it will be brought into force in Cochin also. Now I only want to point out to the Hon'ble Minister that that promise which has been made on the floor of this House has not been carried out, though not by him, by the reserved half. This is all what I have to say.

LIBRARY ARCHIVES Kerala Legislative Assembly

Mr. Deputy President: Is the Hon'ble Member moving the Motion?

Mr. P. K. Dewer *(Nominated):* Yes. I have moved it, Sir,

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President, it is appropriate, that this cut motion has been sponsered by the accredited Leader of labour. This does not mean, Sir, that I see eye to eye with my Hon'ble friend Mr. Dewer in all respects.

Mr. P. Sankara Menon *(Trichur-North):* You do not see eye to eye with anybody. *(Laughter).*

Mr. P. Kumaran Ezhuthassan *(Vadakkancheri):* I am told, Sir, by my esteemed friend on my right the Hon'ble Member for Chalakkudi, that I do not see eye to eye with anybody. Yes, to some extent my Hon'ble friend is right. I leave it at that now.

Mr. P. K. Paul *(Chalakkudi):* I did not say anything like that.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I am sorry I must appoligise to the Hon'ble Member for Chalakkudi. My reference was to my esteemed and young friend from Trichur.

When I said I don't see eye to eye with the Hon'ble Member for Labour it does not mean, Sir, that the cut he has sponsered is not agreeable to me. My complaint is that he has fallen short of the mark. Yet another complaint of mine is that the Labour Leader that he is, that he has not been pleased to cast his eyes not only throughout Cochin, not only throughout the Madras Province, but throughout the whole of India. Labour is a problem Sir, which requires careful handling by competent men, vigorous to act, ready to respond, and who possess imagination. The legislation that we want as far as labour is concerned here, is not a copying of the Madras Act or any other British Indian Act, because they themselves have not settled as to what they have to do. It was seen from the papers, Sir, the other day that the Hon'ble Minister, Giri of the Madras Ministry soon after he assumed office, took a trip to Bombay to confer with his colleague there of the Bombay Assembly—I mean the Hon'ble Labour Minister there—just for the purpose of discussing about a comprehensive all India legislation on labour, which will suit the purpose of all Provinces.

(At this stage—2-55 p.m.—the Honb'le President took the Chair).

Sir, it was only the other day after many days had passed since our energetic Minister for Labour who, I feel—I am not sure though—is going to be removed from his seat this side of 7 days—many days after he had instituted a committee of which some complaints were heard here that the most progressive amongst the Indian provinces, the United Province's Minister for Labour appointed a similar committee. What does it show, Sir? Where is Cochin? What is the stature of the Hon'ble Minister for Labour in Cochin whom unfortunately for Cochin you are trying to remove him? What I say, Sir, is therefore instead of asking for copying the Labour Legislation now in force in British India it is desirable, Sir, it is necessary, Sir, to wait and see how British India as a whole, all the provinces there now consulting between them bring forward an all India Legislation as comprehensive as possible. touching as many points as possible and then if necessary copy that. Otherwise, soon after the committee makes its report, I am sure the Hon'ble Minister for Labour, whether he is the present individual or any other that succeeds him will lead British Indian Provinces in the matter of labour legislation. That is what we have seen here from our experience even of the short period that our energetic Minister had been in office.

The other day I was told by the Hon'ble Minister that during his sojourn in Madras lasting only a few hours he was told by the Hon'ble Minister, Giri, "there is not much for me to advise you, my young friend, as far as labour legislation and other allied matters are concerned, from what I have heard from you; carry on go ahead" he said. This being the state of affairs here, Sir, as far as the pointed purpose of this cut motion is concerned I will appeal to my hon'ble friend the Labour Leader, the mover to make a more comprehensive study of all that is required for labour; and if the Hon'ble Minister for Labour, if he continues in his seat, does not forestall my friend let him move it and get the maximum benefit he wants for labour. This is the appeal I make to my Hon'ble friend, the vigorous leader for labour again.

റാവു സാഹിബ് കെ. അയ്യപ്പൻ: സർ, ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ അവർകളുടെ അഭിപ്രായത്തോട് അല്ലെങ്കിൽ അദ്ദേഹത്തിന്റെ ആഗ്രഹത്തോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഈ കട്ട്മോഷൻ അദ്ദേഹത്തിന്റെ ആഗ്രഹത്തിനു് എതിരായിട്ടുള്ള തന്നല്ല. ഇവിടത്തെ നിയമനിർമ്മാണത്തിന്റെ സമ്പ്രദായം മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ ഇതിനു വളരെ വിഷമമുണ്ടെന്നു കാണാം. പക്ഷേ ബഹുമാനപ്പെട്ട മെമ്പർക്ക് അതു വളരെ

LIBRARY ARCHIVES Kerala Legislative Assembly

പരിചയമുള്ളതുകൊണ്ട് അദ്ദേഹം അതു മനസ്സിലാക്കാതെയല്ല ഈ കട്ട്മോഷനെപ്പറ്റി ഇങ്ങനെയൊരഭിപ്രായം പറയാൻ ഇടവന്നതു് എന്നു ഞാൻ വിശ്വസിക്കുന്നു. ഈ കട്ട്മോഷനിൽ പറയുന്ന സംഗതികൾ നടപ്പിൽ വരുത്തുകയാണെങ്കിൽ അതിനു മുമ്പായി ലേബർ മെമ്പറോ മറ്റേതെങ്കിലും മെമ്പറോ സ്വന്തം നിലയിൽ ഇവിടെ ഒരു ബിൽ കൊണ്ടുവരുകയാണെങ്കിൽ അതു പാസ്സാക്കിക്കിട്ടാൻ വളരെ വിഷമങ്ങളുണ്ടെന്നു നമുക്കറിയാം. അങ്ങിനെയൊരു ബിൽ കൊണ്ടുവരുകയാണെങ്കിൽ ആദ്യം ലീവ് ടു ഇൻട്രഡ്യൂസ്, പിന്നെ ഇൻട്രഡക്ഷൻ എന്നിങ്ങനെ പല സ്റ്റേജുകളും കടന്നുപോകണം. ഇതിനിടയിൽ ലാ മെമ്പറുടെ ഭയങ്കരമായ എതിർപ്പിനേയും സഹിച്ചുകൊണ്ടുവേണം മുമ്പോട്ടു പോകുവാൻ. എന്നാൽ ഗവർമ്മെണ്ടു് ഒരു ബിൽ കൊണ്ടുവരുകയാണെങ്കിൽ അതു വേഗം നിയമമാകും. അതുകൊണ്ടു ബ്രിട്ടീഷിന്ത്യയിൽ നടപ്പുള്ള നിയമങ്ങളെങ്കിലും ഇവിടെ നടപ്പാക്കണമെന്ന മാത്രമേ ഇതിൽ ആവശ്യപ്പെട്ടിട്ടുള്ളു. ബുദ്ധിമാനായ ലേബർ മെമ്പർ, ലേബറിന്റെ അടിയന്തിരാവശ്യങ്ങൾ എന്തൊക്കെയാണെന്നു ദീർഘകാലത്തെ പരിചയംകൊണ്ടു മനസ്സിലാക്കിയിട്ടുള്ള വളരെ വിവരമുള്ള ലേബർ മെമ്പർ, പ്രായോഗികമായ മാർഗ്ഗമാണു് നിർദ്ദേശിച്ചിട്ടുള്ളതു്. ബ്രിട്ടീഷിന്ത്യയിൽ നടപ്പാക്കാതെ ഒരു നിയമം ഇവിടെ വരുത്താൻ പാടില്ലെന്നു് ഇവിടത്തെ ഗവർമ്മെണ്ടു പറയുന്നുണ്ടു്. അങ്ങിനെ പാസ്സാക്കുകയാണെങ്കിൽ വളരെ ബുദ്ധിമുട്ടുണ്ടാകുമെന്നാണു് പറയുന്നതു്. അതുകൊണ്ടു് ഈ കട്ട്മോഷനിൽ ആവശ്യപ്പെടുന്നതു ബ്രിട്ടീഷിന്ത്യയിൽ നടപ്പാക്കിയിട്ടുള്ള നിയമങ്ങൾ ഉടനെ ഇവിടെ നടപ്പാക്കണമെന്നാണു്. ലേബർ മെമ്പർക്കു ബ്രിട്ടീഷിന്ത്യയിലെ കായ്ഭരണം മാത്രമല്ല അതിനപ്പുറമുള്ള കായ്ഭരണവും നല്ലവണ്ണം നിശ്ചയമുണ്ടു്. പക്ഷേ പ്രായോഗികമായ കായ്ഭരണം കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് അദ്ദേഹം ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. അതുകൊണ്ടു ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ പിൻതാങ്ങുന്നു.

Mr. K. Balakrishna Menon (*Minister for Development*): Sir, I suppose the motion before the House is that the Government should introduce all pieces of legislation which are obtaining in British India. I can very easily give an answer. That exactly is the idea of Government to do at present. In fact I have issued orders to that effect, I think, I even told the Hon'ble member for Labour that I intended doing that. Now that he has moved that motion, this is the only reply I have to give.

മിസ്റ്റർ പി. കെ. ഡീവർ: സർ, ഈ ഉപക്ഷേപം ഇവിടെ പാസ്സാക്കുവാൻ വേണ്ടിയല്ലാ ഞാൻ അയച്ചിട്ടുള്ളതെന്നു് നേരത്തെതന്നെ പറഞ്ഞു കഴിഞ്ഞു. ഈ ഉപക്ഷേപം നിയമസഭയിൽ വരാനിടയായതു് ർവ്വ മണിക്കൂർ സമയം എന്നുള്ളതു് ഫാക്ടറി ആക്ടിൽ ഭേദഗതി ചെയ്യുമെന്നുള്ള തിരുവുണ്ടാകാതിരുന്നതുകൊണ്ടാണു്. പക്ഷെ ഞാൻ ഈ ഉപക്ഷേപം അയച്ചുകഴിഞ്ഞതിനുശേഷമാണു് ലേബർ കമ്മീഷ്ണരിൽനിന്നും ഇതിനെപ്പറ്റി ശരിയായ അറിവുകിട്ടിയതു്. എന്നാൽ നിർഭാഗ്യവശാൽ എന്തെല്ലാമാണു് പാസ്സായിട്ടുള്ളതെന്നു് ഉള്ള കായ്യം വളരെ സംശയമായിരുന്നു. മിസ്റ്റർ കുമാരനെഴത്തശ്ശൻ പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു. എന്നാൽ ഞങ്ങളുടെ മാന്യ നേതാവു് പറഞ്ഞതു തന്നെയാണു് എനിക്കും ഇവിടെ ആവർത്തിച്ചു പറയുവാനുള്ളതു്. ഫാക്ടറി ആക്ടു് വന്നപ്പോൾ ഉള്ള നില ഞാൻ മനസ്സിലാക്കീട്ടുണ്ടു്. എന്നാൽ ഒരൊറ്റ ദിവസം കൊണ്ടു് ഒരു ബിൽ നടപ്പിലാക്കുവാൻ സാധിക്കുന്നതുണ്ടു്. ഞാൻ ആവശ്യപ്പെടുന്നതു് ബ്രിട്ടീഷ് ഇന്ത്യയിൽ നടപ്പുള്ളതുപോലെവേണമെന്നു് മാത്രമേയുള്ളു. ഒരു മാസത്തെ നോട്ടീസ്സു് കൊടുക്കുവാനായിട്ടു് ഇതിന്റെ സെക്ഷൻ വേണമോ വേണ്ടയോ എന്നുള്ള തർക്കമായിരുന്നു. അതേ സ്ഥാനത്തു് ഗവർമ്മെണ്ടു് ഈ ബിൽ കൊണ്ടുവരികയാണെങ്കിൽ ഒരൊറ്റ ദിവസംകൊണ്ടു പാസ്സാക്കുവാനേയുള്ളു. എന്നാൽ ഇങ്ങിനെയുള്ള നിയമങ്ങൾ ബ്രിട്ടീഷ് ഇന്ത്യയിൽ നടപ്പാകുന്നതിനുമുമ്പു് ഇവിടെ നടപ്പാക്കണമെന്നു് പറഞ്ഞാൽ ഗവർമ്മെണ്ടിന്റെ നടപടികൾക്കെല്ലാം വളരെ ബുദ്ധിമുട്ടുണ്ടാകുമെന്നും മറ്റും പറയും. എന്നാൽ ഇതു് ബ്രിട്ടീഷ് ഇന്ത്യയിൽ നടപ്പിലാക്കീട്ടുള്ള ഒരു കായ്യമാണു്. എന്നാൽ ഇവിടെ അതുപോലെ ഒരു വ്യവസ്ഥ വേണമെന്നു് പറയുമ്പോൾ മണിക്കൂറിന്റെ കായ്യത്തിൽ വളരെ ബുദ്ധിമുട്ടുണ്ടെന്നൊക്കെ പറയാവുണ്ടു്.

Mr. K. Balakrishna Menon (*Minister for Development*): But that government has changed now.

മിസ്റ്റർ പി. കെ. ഡീവർ: എന്നാൽ ഫാക്ടറി-ൽ പാസ്സായിട്ടുള്ള ഒരു ബില്ലാണു് Weekly Holiday ബിൽ. അതും ഇവിടെ നടപ്പിൽ വന്നിട്ടില്ല. ഇവിടെ ഒരു ലേബർ അന്വേഷണ കമ്മിറ്റിയെ വെച്ചിട്ടുണ്ടു്. ഈ കമ്മിറ്റി എന്തെല്ലാം നിയമനിർമ്മാണങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വേണമെന്നുള്ള കാര്യത്തെക്കുറിച്ചു അനേപക്ഷിച്ചു റിപ്പോർട്ട സമർപ്പിക്കുവാൻ അഞ്ചാറ മാസത്തോളം വേണ്ടി വന്നുന്നതാണു്. ഇപ്പോൾ ഈ കാര്യത്തിനുവേണ്ടി ഇത്രയധികമൊന്നും താമസിക്കേണ്ടതായ കാര്യമില്ല. ബ്രിട്ടീഷു് ഇന്ത്യയിലും ബോംബെയിലും നടപ്പിലുള്ള ചില നിയമങ്ങളും ഇവിടെയും നടപ്പാക്കേണ്ടതു മാത്രമേയുള്ള. എന്നാൽ അതിലും കൂടുതലായ കാര്യങ്ങൾക്കും അതിലും വിശാലമായ ഭാവനകൾക്കുമെല്ലാം ഞങ്ങൾക്കാഗ്രഹമുണ്ടു്. എന്നാൽ അതൊന്നും ഇപ്പോഴത്തെ നിലയിൽ സാധ്യമല്ലെന്നു് ഞങ്ങൾക്കറിയാവുന്നതുകൊണ്ടു് അടങ്ങിയിരിക്കുന്നുവെന്ന മാത്രമെ അതിനർത്ഥമുള്ള. അതല്ലെങ്കിൽ അതിനുവേണ്ടിയുള്ള പ്രക്ഷോഭണങ്ങളും വലിച്ചെറിയലുകളുമെല്ലാം ഞങ്ങൾക്കറിയാൻ പാടില്ലായ്കയല്ല. അതെല്ലാം കൂടാതെ കഴിക്കണമെന്നു് വിചാരിച്ചു കൊണ്ടു തന്നെയാണു് ഇങ്ങിനെയുള്ള നിയമനിർമ്മാണത്തിനു ആവശ്യപ്പെട്ടതു്. കൊച്ചിയിലെ തൊഴിലാളികൾ ബാക്കിയുള്ള സ്ഥലത്തെ തൊഴിലാളികളെ അപേക്ഷിച്ചു് വളരെ ഉൽബുദ്ധരാണു്. അവരുടെ ആവശ്യങ്ങൾ അവർക്കു സാധിച്ചു കിട്ടുവാൻ വളരെ ആഗ്രഹമുണ്ടു്. ഈ കാര്യങ്ങളെല്ലാം ഞാൻ മന്ത്രിയോടു് പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഫർ ദർ ബ്രിട്ടീഷ് ഇന്ത്യയിൽ പാസ്സായ ആക്ടു് ഇവിടെ നടപ്പാക്കുന്നതിനു് ഗവമ്മെണ്ടു് പര്യാലോചിക്കണമെന്നു് പറയുവാൻവേണ്ടി മാത്രമാണു് ഞാൻ ഇതു ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. അതുകൊണ്ടു് തല്ക്കാലം ഞാൻ ഇതു് പിൻവലിച്ചു കൊള്ളുന്നു.

Motion, by leave, withdrawn

2. Appointment of a Deputy Commissioner of Labour

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Mr. President, I move, Sir, to reduce the allotment of Rs. 30,272 for Labour by Re. 1 to point out to the Government the necessity for having a Deputy Commissioner of Labour.

Just 12 months back when we met here for the Budget Section of 1120 there was not even a whisper about the creation of a separte department of Labour in Cochin, although it was highly necessary to institute a department of labour even earlier than that period. And we were surprised, agreeably surprised rather, when we read not long after the Budget Session of last year that a Labour Department had been created by the Government and an officer has been appointed with the necessary staff. Along with our agreeable surprise in this restricted sense, of Government having grown wise enough to create a Labour Department here, there was the other feeling also that this was done without consulting the House which sat a couple of months, before the notification creating the Labour Department appeared in the Gazette. That was according to me and according to many of the Hon'ble friends, who expressed that view later on in this Council, the complaint of the representatives of the people here. Another thing that we the representatives of the people took exception to when the Council met in Vrischigam last was that this Labour Department was run by the reserved half. Consistently with the opening of the Labour Department there was supplementary demand, Sir, in the Vrischigam Session this year for a pretty large amount. We took that for expenditure in connection with the running of the newly opened department the earliest opportunity of registering our protest, not because the Labour Department was not wanted, but because of the fact that we were not consulted and that it was kept as a reserved subject. For this reason the supplementary grant was rejected on my initiative. My Hon'ble friend who is not present in his seat now, the Leader of the opposition, made a speech clarifying our position in the matter clarifying the position that was taken up by this side of the House, we conjointly threw out the demand. I repeat again, Sir, it is not because we did not want the Labour Department. It is because of the non-consultation with this House before it was started and that the department was not transferred. And there were defects too in the arrangements made. For these reasons we threw out the demand.

We are glad, Sir, that action of ours had the desired effect. Not long after, the Labour Department was transferred to be administered by one of the Ministers. And the Hon'ble Minister in charge of labour has shown what that transfer means during the short time he was in office. My purpose, Sir, is not to discuss upon these matters. My object in moving this cut, Sir, is the improvement of labour in the State and the posibilities of labour in the country. I do not for a moment think, Sir, that the Labour Department is going to be a department occupying the stature that it now finds in the Budget book. It is going to be one of the very big major departments of the State administration. Therefore, Sir, just as we have personal assistants deputies and sub-deputies, in various departments, most of them unnecessary this I stress, Sir, is a department which requires not only a head having a head but also a sub-head who equally possesses a good head.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. R. Iyyunni *(Nellayi):* Anybody in view ?

Mr. P. Kumaran Ezhuthassan *(Vadakkancheri):* My Hon'ble friend, the interrupter may please note that that is not the sort of person who is presenting this proposition to this House. Take it from me. I am not surprised, Sir, the question comes from the corner from which it has come. It is only a case of judging others by ones own standard.

Mr. P. Sankara Menon *(Trichur-North):* You cannot.

Mr. P. Kumaran Ezhuthassan *(Vadakkancheri) :* Certainly not. I am not demeaning myself to that level. Why this unnecessary and meaningless stinging interruptions ?

Now again taking the lost trend of my thought I was saying, Sir, that the Labour Department of Cochin is going to be not the puisne thing as it at present appears in the budget book, but one of the major departments bigger than even the unnecessarily big Miscellaneous—Food Department (Laughter). Therefore, Sir, let us take time by the forelock. Let us have a Deputy Commissioner for Labour. I have certain other reasons also for having a Deputy Commissioner for Labour not that I have any candidate in view as is suspected by my Hon'ble friend. In my life I won't stoop to that level. I assure the House and particularly my esteemed friend, as gray haired as myself that I will certainly not fall in line with him. (Laughter) I once again emphasise the need for having a Deputy Commissioner of Labour that because of the prominence of the Labour Department, because of the growth that it is making and because of the necessity of running that department most efficiently as becomes the enlightened Government of Cochin—not that it is enlightened now—(Laughter) but is going to be enlightened—prepare now a good man, choose your own man, because I have not any, and even if I have any, you are not going to appoint him either. (Laughter) Now, Sir, select a man who has already got a good study of the problem, who will be able to understand by reading world literature upon labour, not Indian literature, Cochin literature, but world literature upon labour and by picking up practical experience by visiting important centres of labour.

A Voice.—Why not the Hon'ble Leader of Labour be appointed ?

Mr. P. Kumaran Ezhuthassan *(Vadakkancheri):* Then he will not be in the proper place, in this House and you cannot have as good a man like my Hon'ble friend to take his seat there. By this interruption you again create a misunderstanding. And I want to avoid all misunderstandings.

When a fact is stated you may take it for what it is. I request my Honourable friends not to heckle me. You will realise that it is not going to be a paying game at all,

Several Voices—We won't heckle, you may proceed.

Mr. P. Kumaran Ezhuthassan *(Vadakkancheri) :* I was praying, Sir, to appoint a competent man as Deputy Commissioner of Labour—not to provide a place for anybody. Let A or B be appointed, the only thing is he should be one who had studied the labour problem in its entirety. Then get him promoted as Commissioner of Labour when the present Commissioner retires in two or three years instead of importing into that place a man from another department who will figure there as a square peg in a round whole. Therefore get ready to appoint a good man, a man who may pick up the experiences of Cochin and outside as well, so that he will be an efficient Labour Commissioner when the present incumbent retires. That is the proposition which I have placed before the House. I seriously ask, Sir, whether that side of the House will have one little word against all that I have stated here, except of course these unseemly and uncharitable passages between us. On the merits of the case namely the necessity for the appointment of a Deputy Commissioner of Labour, there cannot be said even a single word. For the reasons stated by me and for better reasons, if you have any, do appoint a Deputy Commissioner of Labour so that the working of the Labour problem in the State may become an ideal one for other places to follow. That is the eye with which I see the labour problem of Cochin. That is the eye with which I want the Government of Cochin, wooden as it is now, to view the proposition and I am sure that so long as my esteemed friend the young, energetic, imaginative Minister for Labour is there everything will go all right. Don't make the mistake, please, that I am pleading for him. If you would like to give him a chance in the country's interests please do it. I am sure anybody else coming there also will take up this proposition and do what is necessary. Therefore I appeal to Government once again to appoint a Deputy Commissioner of Labour to see that the labour problem in Cochin State is properly tackled.

The present Commissioner of Labour is exerting himself to an undesirable degree by running from this end of Cochin to that to carry out the preliminary features of the plan put into his head by the Honourable Minister for Labour. He is doing it as a faithful servant of the

LIBRARY ARCHIVES Kerala Legislative Assembly

Government. That good man, I am afraid, if he is not given an assistant and a good assistant too, he may probably live to get his pension. (Laughter) Yes. Many of our Government servants die in harness on account of hard work they are put to. You are giving a thousand or a couple of thousand to their family as gratuity. Of what use! Therefore I appeal to the Government that this proposition may be accepted in its entirety and as early as possible acted upon.

Mr. Puthur Achutha Menon *(Kattur)*: Sir, I oppose this motion. It is not because we are not particular for the re-organization of the Labour Department that we oppose this motion. Anyway a very good and important thing has been said by my Hon'ble friend which till this time has not been expected by this side of the House. He however concedes that it is on account of immediate action taken by this side of the House that the Labour Department was re-organised. A supplementary grant came before this House. We took a decisive step in that matter. And my friend now admits at least that it is as a reaction to that action that the Labour Department was reconstituted and was transferred under a popular Minister.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I have been doing that always.

Mr. Puthur Achutha Menon *(Kattur)*: But yesterday and last Monday he was telling us "action will create despair and may not bring us results". But now he says, only if you take action there will be reaction. What a contradiction Sir. We cannot appreciate that argument. Anyway, my purpose at this moment is simply to oppose this motion on the ground that it is not the addition to the number of the officers that is required in the State. We want a proper organisation of the Department. I had a bit of experience of this Department, Sir. There were one or two labour disputes going on in Trichur. And the Labour Commissioner confessed to me that he realised that the grievances of labour are legitimate. He said that he represented that matter to the employ r. He confessed to me that he has no sanction behind him to enforce his decision. It is that sort of thing that he must remedy. It is not officers that are wanted at present. There must be a proper department, there must be proper laws that should be enforced, there must be proper men to look after the affairs of labour and there must be proper sanction to enforce their decision. It is in that way that the Labour Department has to be organised. I do concede that this is going to be one of the most important departments of the Government. In the future world, labour is going to gain more and more power and finally all power must pass to Kisans and labourers. I make bold to say that it is only on the progress of labour that the future world is going to progress. But in tackling this labour problem, there must be an eye and there must be a mind to do what is needed. It is not simply by appointing this officer or that officer that we can find a solution. Therefore, my humble suggestion is, let us have progressive legislation, let us have officers with power. With these few words, I oppose this motion.

മിസ്റ്റർ പി. കെ. ഡീവർ: സർ, ഈ ഉപക്ഷേപം ഇവിടെ പ്രസ്തുചെയ്യരുതെന്ന് ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പറോട് ഞാൻ അപേക്ഷിക്കുന്നു. കാരണം ലേബറിന്റെ ആവശ്യമായ കാര്യങ്ങൾ പരിഷ്കരിക്കുന്നതിന്നു കൂടുതലായിട്ട് ഒരു ഉദ്യോഗസ്ഥനെ കൂടി നിയമിക്കുന്നതുകൊണ്ടു മാത്രം അതു സാധിക്കുമെന്നു എനിക്കഭിപ്രായമില്ല. ഉദ്യോഗസ്ഥന്മാർ കൂടുതൽ വേണമോ വേണ്ടയോ എന്നതു കാര്യം ഗവമ്മേണ്ടിനു തന്നെ വിട്ടു കൊടുക്കുകയല്ലേ നല്ലതു? ഒരു ഡെപ്യൂട്ടി ലേബർ കമ്മീഷ്ണർ വേണമോ, അതോ വേറെയാരെയെങ്കിലും വേണമോയെന്നുള്ള കാര്യം നമ്മൾ തീരുമാനിക്കേണ്ടതല്ലായെന്നാണു എനിക്കു പറയുവാനുള്ളതു. ഒരു ഡെപ്യൂട്ടി കമ്മീഷണരെ കൂടുതലായി വെക്കുന്നതുകൊണ്ടു മാത്രം ലേബ്രറിന്റെ കാര്യം ശരിയായി പോകുമെന്നു വിശ്വസിക്കുന്നവനല്ല ഞാൻ. യാതൊരു ക്ലേശവും അനുഭവിക്കാതെ, സഹായത്തിന്നു അധികം ആളുകളില്ലാതെ തന്നെ ഇതിനെക്കാൾ പത്തിരട്ടി കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നവരുണ്ടാകാം. ഉള്ള അധികാരം തന്നെ വേണ്ടപോലെ ഉപയോഗിച്ചാൽ കൂടുതൽ ഉദ്യോഗസ്ഥന്മാരെ കൂടാതെ തന്നെ വളരെ കാര്യങ്ങൾ സാധിക്കാൻ കഴിയും. സർ, Payment of Wages Act-ന എതിരായി, ഫാക്ടറി ആക്ടിനെതിരായി പല മുതലാളിമാരും പ്രവർത്തിച്ചിട്ടു അവരുടെ പേരിൽ യാതൊരു നടപടിയും ഇതുവരെ നടത്തിയതായി കാണുന്നില്ല. ഉദ്യോഗസ്ഥന്മാരില്ലാഞ്ഞിട്ടല്ല. ഉള്ളവക്കു അവരുടെ അധികാരം അറിഞ്ഞു പ്രവർത്തിക്കുന്നില്ലായ്കയാണു. ലേബർ കമ്മീഷണർ ഒരു ഓയിൽ മിസ്സ് സന്ദർശിച്ചപ്പോൾ ൫൦ ആളുകളിൽ കൂടുതൽ അവിടെ ജോലിചെയ്യുന്നുണ്ടെന്നും, ഫ്രമണിക്കുർ അവിടെ പണിയെടുപ്പിക്കുന്നുണ്ടെന്നും ഫാക്ടറി ഉടമസ്ഥൻ പറഞ്ഞതായി എനിക്കറിയാൻകഴിഞ്ഞു. ഇതു കഴിഞ്ഞിട്ടു മാസം പലതായി. പക്ഷേ ഇതുവരെ ഒരു നടപടിയും അയാളുടെ നേരെ എടുത്തതായി അറിയുന്നില്ല. ഫാക്ടറി നിയമമനുസരിച്ചു ൫൦തോ കൂടുതലോ ആളുകൾ ജോലിചെയ്യുന്നതും പവർ ഉപയോഗിക്കുന്നതുമായ ഒരു സ്ഥാപനം ഫാക്ടറി

LIBRARY ARCHIVES Kerala Legislative Assembly

യാണു്. ഫാക്ടറി നിയമം അതിനനുബാധകവുമാണു്. അതനുസരിച്ചു അവിടെ വൃമണിക്കുറിൽ കൂടുതൽ ജോലി ചെയ്യിപ്പിക്കുവാൻ പാടില്ലാത്തതുമാണു്. ഈ വിവരം ഞാൻ ലേബർ കമ്മീഷ്ണരോടു് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞതു് അതു് ശവമ്മെണ്ടു് ഒരു ഫാക്ടറിയായിട്ടു് ഡിക്ലയർ ചെയ്തിട്ടില്ലായെന്നാണു്. വാസ്തവത്തിൽ അങ്ങിനെ ഒരു ഡിക്ലറേഷൻ ആ കാര്യത്തിൽ ആവശ്യമില്ല. പക്ഷെ കമ്മീഷണക്കു അതു നിശ്ചയമില്ലാത്തമാതിരിയാണദ്ദേഹം സംസാരിച്ചതു്. ഒരു ഡപ്യൂട്ടി കമ്മീഷണരില്ലാത്തതല്ല ഇവിടെ കുറവു്. നിയമം മനസ്സിലാക്കി ഉള്ള ഉദ്യോഗസ്ഥന്മാർ പ്രവത്തിക്കാത്തതാണു്. ഈ നിലയിൽതന്നെ കാര്യം നടത്താനാണു് എങ്കിൽ ഒരു ഡപ്യൂട്ടി കമ്മീഷണർകൂടി ഉണ്ടായതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതെന്നു ഞാൻ ചോദിക്കുന്നു. ഫാക്ടറി നിയമമനുസരിച്ചു് ഒരാഴ്ചക്കു് ഒരുറപ്പിക്കക്കു് ന്നു പൈ. യിൽ കൂടുതൽ പിഴ വസൂൽചെയ്യുവാൻ പാടില്ല. എന്നാൽ ഒരു കമ്പനിയിൽ അതിനെതിരായിട്ടു് പിഴയിട്ട. ആ കാര്യവും ലേബർ കമ്മീഷണർ അറിഞ്ഞിട്ടു് അദ്ദേഹം തന്റെ ചെവിയിൽപോലും അനക്കിയില്ലായെന്നാണു് എന്റെ അറിവു്. ഇങ്ങിനെ പലതും പറയാനുണ്ടു്. ഡെപ്യൂട്ടി കമ്മീഷണരെ കൂടാതെതന്നെ ഈവക കാര്യങ്ങളിൽ വേണ്ട നടപടി എടുക്കുവാൻ എന്തു ബുദ്ധിമുട്ടാണുള്ളതെന്നാണു് ഞാൻ ചോദിക്കുന്നതു്. ലേബർ കമ്മീഷണക്കുള്ള അധികാരം ഒരു മാസത്തേക്കു് എനിക്കു തന്നാൽ പല ഫാക്ടറി ഉടമസ്ഥന്മാരേയും ഞാൻ മര്യാദ പഠിപ്പിക്കുന്നതാണു്. ലേബർ കമ്മീഷണക്കുള്ള അധികാരം എന്തൊക്കെയാണെന്നു അദ്ദേഹത്തിന്നറികയില്ല. ഫാക്ടറി ഇൻസ്പെക്ടരുടെ അധികാരങ്ങളും മുഴവൻ കമ്മീഷണക്കുണ്ടു്. പക്ഷെ അതുപയോഗിക്കാൻ അദ്ദേഹത്തിന്നു നിശ്ചയമില്ലെന്നാണു കാണുന്നതു്. ഇതു അതുകൊണ്ടും ഉള്ള ഫാക്ടറികളിൽ ഇന്നവിധത്തിലുള്ള റെസ്റ്റു് പ്ലേയിസ്സു് വേണമെന്നെല്ലാം നിയമമുണ്ടു്. വേണ്ടിടത്തോളം റെസ്റ്റു് പ്ലെയിസ്സില്ലയെങ്കിലും ഉള്ള സ്ഥലങ്ങളും വളരെ വൃത്തികേടായിട്ടുള്ളവയായിരിക്കുന്നതും അതു ചില ഫാക്ടറികളും എന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടു്. പേരുകൊണ്ടു നോക്കുകയാണെങ്കിൽ അതു് വലിയൊരു അഴകാപുരിയാണെന്നൊക്കെ പറയും. ഒന്നോ, രണ്ടോ ലക്ഷം ഉറുപ്പിക എങ്കിലും കാര്യത്തിന്നു് സംഭാവനചെയ്യുവെന്നുവെച്ചാൽ അവരെല്ലാംപിന്നെ വലിയ പ്രമാണികളായിയെന്നാണു് വെപ്പു്. അവക്കെല്ലാം പിന്നെ എന്തുവേണമെങ്കിലും ചെയ്യാം. അവരെല്ലാം എന്തു ചെയ്താലും ഒരു ചെവിയിൽപോലും അനക്കാറില്ല. (ഹിയർ, ഹിയർ) ഫാക്ടറി നിയമത്തിന്നു് എതിരായിട്ടു് ഏതെങ്കിലും കമ്പനി മാനേജർമാർ പ്രവൃത്തിക്കുന്നുണ്ടെങ്കിൽ അതിന്നു് വേണ്ടതായ നടപടികളെടുക്കുവാനും വേണമെങ്കിൽ ആ ഫാക്ടറി പൂട്ടിക്കുന്നതിന്നുകൂടിയും അധികാരം ലേബർ കമ്മീഷണക്കുണ്ടു്. അതുമേൽ അധികാരത്തോടുകൂടി പ്രവൃത്തിക്കുവാൻ ള്ള അധികാരം ഉണ്ടെങ്കിലും, അതു പ്രയോഗിക്കുവാൻ അവക്കു് മനസ്സില്ല. ലേബറിനെയല്ല മുതലാളിയെ സഹായിക്കാനാണു് ലേബർ കമ്മീഷണർ വെമ്പുന്നതായി കാണുന്നതു്. കമ്മീഷണരുടെ വിചാരം ഈ ഫാക്ടറികളും കമ്പനികളും ഇവിടെയില്ലെങ്കിൽ ഈ സാധുക്കളായ തൊഴിലാളികൾ പട്ടിണി കിടക്കുമല്ലോയെന്നാണു് തോന്നുന്നതു്. തൊഴിലാളികൾ എതായാലും പട്ടിണി കിടന്നും പല ബുദ്ധിമുട്ട അനുഭവിച്ചും ശീലിച്ചവരാണല്ലൊ. അവർ കുറെക്കൂടി കഷ്ടപ്പെട്ടാലും വിരോധമില്ല. പക്ഷെ മുതലാളിമാക്കു യാതൊന്നും വരാൻ പാടില്ല എന്നതായിരിക്കാം ലേബർ കമ്മീഷണരുടെ നില. ഈവക കാര്യങ്ങളെക്കുറിച്ചു് ബഹുമാനപ്പെട്ട മന്ത്രിക്കു് നല്ലപോലെ അറിയാം. ഇതെല്ലാം പരിഹരിക്കാൻ ഒരു ഡപ്യൂട്ടി കമ്മീഷണരെ നിയമിച്ചാൽ സാധിക്കുമെന്നാണു് ബഹുമാനപ്പെട്ട മന്ത്രിയുടെ നിലയെങ്കിൽ എനിക്കതിനാക്ഷേപമില്ല. പക്ഷെ അദ്ദേഹം ഈ സഭയോടാവശ്യപ്പെടേണ്ടതാണു്. നമ്മളല്ലാ അതു നിർദ്ദേശിക്കാനെന്നാണു് എന്റെ അഭിപ്രായം. ഉള്ള നിയമങ്ങളെ ആധാരമാക്കി തൊഴിലാളി താല്പര്യങ്ങളും സംരക്ഷിക്കണം. ഇല്ലെങ്കിൽ കൂടുതൽ നിയമം ഉണ്ടാക്കണം. അതാണിവിടെ ആവശ്യം. പുതിയ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിന്നു പകരം ലേബർ കമ്മീഷണരുടെ ശമ്പളവും അലവൻസും വർദ്ധിപ്പിക്കുകയല്ലെ നല്ലതു എന്നാണു് ഞാൻ ചോദിക്കുന്നതു്. ഞങ്ങളും ലേബർ കമ്മീഷണരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നു് ഉപദേശകസമിതി വഴി സുപാർശ ചെയ്തിട്ടുണ്ടു്. ലേബർ കമ്മീഷണക്കു് ഒരു തുച്ഛമായ ശമ്പളം കൊടുത്താൽപോരാ. ലേബർ കമ്മീഷണർ ഏറണാകുളത്തു വന്നാൽ അദ്ദേഹത്തിന്നു് മുകളെ അലവൻസു കിട്ടുകയുള്ള. ഇതു അദ്ദേഹത്തിന്നു റിക്ഷാക്കൂലിക്കു തികയുകയില്ല. പിന്നെ അദ്ദേഹത്തിന്നു് ഊണു കഴിക്കണമെങ്കിൽ ബന്ധുജനങ്ങളും വല്ലവരുമുണ്ടെങ്കിൽ അവരെ ആശ്രയിക്കേണ്ടിവരും. ലേബർ കമ്മീഷണക്കു് ശരിയായിട്ടുള്ള സഞ്ചാരപടിയും, ശരിയായിട്ടുള്ള അലവൻസും ശവമ്മെണ്ടു അനുവദിച്ചു കൊടുക്കേണ്ടതാണു്. അല്ലാതെ ഒരു ഡെപ്യൂട്ടി

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷണരെ നിയമിക്കുകയല്ല ഇപ്പോൾ വേണ്ടതു്. അതിനു പകരം കൂടുതൽ ഇൻസ്പെക്ടർമാരെ വെച്ചുകൊടുത്താൽ മതിയാകുമെന്നാണു് എന്റെ വിശ്വാസം.

Factories and Boilers ഇൻസ്പെക്ടർ ഒരാളുണ്ടു്. അയാൾക്കാണു് ഫാക്ടറി ഇൻസ്പെക്ടരേക്കാൾ ഫാക്ടറിയെ സംബന്ധിച്ചിടത്തോളം അധികാരം എന്നൊരു തക്കം ഇപ്പോഴുണ്ടു്. ചില ഫാക്ടറി ഉടമസ്ഥന്മാർ എന്തെങ്കിലും കുഴപ്പമുണ്ടായാൽ എഴുതി അയക്കുന്നതു് Factories and Boilers ഇൻസ്പെക്ടർക്കാണു്. അതിന്റെ കോപ്പി ലേബർ കമ്മീഷണർക്കും വരും. തങ്ങൾക്കാണു് ഫാക്ടറിയിൽ അധികാരം എന്നു പറയുന്നതിനു ഫാക്ടറി ഇൻസ്പെക്ടറുടെ ഓഫീസിനു ധൈര്യമില്ല. ഇതൊക്കെ ഒന്നു മാറിയിട്ടു് ഫാക്ടറി ഇൻസ്പെക്ടർമാരുടെ അധികാരാതുത്തി തിരിച്ചു് ആ അതുത്തിയിലുള്ള ഫാക്ടറികളുടെ അധികാരം അവരിൽ നിക്ഷിപ്തമാക്കിയാൽമതി. ഫാക്ടറി ഇൻസ്പെക്ടർമാരുടെ എണ്ണം കുറേക്കൂടി വർദ്ധിപ്പിച്ചാൽ തരക്കേടില്ല. മിസ്റ്റർ കുമാരനെഴുത്തശ്ശനോടു ഞാൻ പറയുന്ന ഇതു് പ്രസ്സുചെയ്യേണ്ട എന്നു്. ഇതു ചെയ്യുന്ന ആളുകൾ വിട്ടുകൊടുക്കുക; അതു് അവർ നോക്കിക്കൊള്ളട്ടെ; നമ്മുടെ കാര്യം ശരിക്കു നടക്കണം. ഇതു മാത്രമേ എനിക്കു അദ്ദേഹത്തോടു പറയുവാനുള്ളു. ഉള്ള അധികാരത്തെ പ്രവൃത്തിക്കുവാനുള്ള ധൈര്യം ഇപ്പോൾ ഉള്ളവർക്കു നൽകണം. വലിയ മുതലാളിമാരായ മാനേജർമാരുടെ നേരെ അധികാരം കാണിക്കുവാനുള്ള ധൈര്യം അവർക്കു നൽകണം. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ഇതു തോന്നിട്ടുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. തൊഴിലാളി നേതാക്കന്മാർക്കു വല്ല മുതൽ മുടക്കുവും ഉണ്ടോ എന്നാണു് ചില മുതലാളിമാർ ചോദിക്കുന്നതു്. അവർ ഈ മുതലൊക്കെ എവിടെനിന്നു കൊണ്ടുവന്നു. ഞങ്ങളുടെ കൈകൊണ്ടുള്ള പ്രയത്നഫലമാണു് അതു്. ആ മുതലൊക്കെ കണക്കുപറഞ്ഞു ഞങ്ങൾ മേടിച്ചുകൊള്ളാം. അതുകൊണ്ടു് മുതലാളിമാർ മര്യാദയായി ലേബർ ഉദ്യോഗസ്ഥന്മാരോടു് പെരുമാറണമെങ്കിൽ അവരുടെ അധികാരം ശരിക്കു ഉപയോഗപ്പെടുത്തണം. വലിയ സ്വാധീനശക്തിയുള്ള മുതലാളിമാരോടു വല്ലതും പറഞ്ഞാൽ ഒരുപക്ഷേ വാദി പ്രതിയാകുമോ എന്ന ഭയം അവർക്കുണ്ടു്. മിസ്റ്റർ എഴുത്തശ്ശനോടു വേറെ ഒന്നു എനിക്കു പറയുവാനുള്ളതു് ഗവണ്മെണ്ടു് എന്തൊക്കെയോ ചെയ്യുവാൻപോകുന്നുണ്ടു് അതുകൊണ്ടു് ഇതു മന്ത്രിക്കുതന്നെ വിട്ടുകൊടുക്കുക; മന്ത്രി ഇഷ്ടമുള്ളതു് ചെയ്തുകൊള്ളട്ടെ എന്നുവെച്ചാൽ മതിയെന്നാണു് എന്റെ അഭിപ്രായം.

Mr. K. Balakishna Menon *(Minister for Development)*: Sir, in regard to the appointment of a Deputy Commissioner for labour, I have to say it is a very healthy suggestion that is given by the Hon'ble Member for Vadakkancheri. For this reason, Sir, I happened to remember the observation made in the Witley Commission report on Labour that the head of the department should be a man with considerable experience and with longer period before him. Now the Hon'ble Member for Vadakkancheri has already stated that after 2 and odd years the present Commissioner for Labour is to retire. Therefore it will be only appropriate to choose a man early and send him up for necessary training. Now the Hon'ble nominated Member for Labour was saying that it is much better to leave these matters to be decided by the Minister in charge with an insinuation that Mr. Ezhuthassan had probably somebody in mind. I wish he would bear it in mind for the future also that men like him will not put in recommendation in favour of particular individuals as in the case of one recommended by him I had to sit in judgment, not in his favour but against him. I have found, Sir, that it is all very cheap to say things and cheap to play to the gallery. But when it comes to an actual question of practice I wish my Hon'ble friend, the labour leader who has been making insinuations were here or for that matter in the place of the Commissioner of Labour. It is all very easy to say that the Labour Commissioner did not do this thing or that. But every man has got his own limitations. That poor soul happened to be a target of attack for no fault of his now. In a motion like this the sole question to be considered is as to whether an assistant is to be given to the Labour Commissioner, not because he is a weak man, but due regard being had to his other duties, and also due regard being given to the long range policies which are essential in the interests of the efficiency of the department. It so happened that the poor gentleman has now become the butt of attack. I may say to my Hon'ble friend the Labour Leader that it is all very easy for him to say that he will wrestle, wrest and even beat the Capitalist. But when it comes to a question of practical politics, when it comes to a question of administration, when law and order are to be maintained, when the idea is to effect conciliation between capital and labour, then I submit, Sir, that intemporate language is not what is required. I am glad that he said that it is much better to leave all selections to me; and I may assure him that I will not be guided by anybody's

LIBRARY ARCHIVES Kerala Legislative Assembly

advice in the matter of choosing the right man for the right place. Enough harm has already been done. For, Sir, in regard to the particular Inspector whom my friend recommended for the appointment of the Factory Inspector I may say that in a moment of his weakness, he bound the hands of Government by putting in black and white a certain undertaking without instructions from one or anybody else, for which, I had to tell him that if he did not set it right within 24 hours I will have to take drastic action against him.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Is he still in service?

Mr. K. Balakrishna Menon *(Minister for Development):* Yes. He happens to be still, in service. I wish my friend does not play to this sort of things for the gallery.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Mr. President, both the Hon'ble colleagues of mine who spoke on the motion in a mood of opposition have really supported the motion. I wish to tell them both that it is unfortunate for the world of labour that this cut motion happened to be sponsored by me. Suppose it had been sponsored by somebody else from some other corner, surely it would have gained unanimous support. I plead guilty to that charge. Though I have nothing to do with labour, being neither a capitalist nor a labourite myself but a humble servant of humanity, which entraces both labour and capital. At times I also attempt to implement that thought in the humble way I can and all the occasions that I could catch at will be utilised not for recommending a man of the sort that is mentioned now, not for recommending a man that my Hon'ble friend for Trichur has in mind even for the post that I have mentioned here, but to see Sir, that the department of labour grows as I want to see it grow. I am sure it will grow not by this sort of heroics but through proper recommendations made at the proper time. That, Sir, is the only method of achievement. Now, Sir, my Hon'ble friend the esteemed Deputy leader of the Prajamandal party said that he opposed it not because labour should not be developed but that his motions of growth are not consistent with the idea of adding hands to the department. It is a wonderful proposition, the proposition that necessary hands should not be appointed.

Mr. Puthur Achutha Menon *(Kattur) :* They should be appointed, if necessary.

Mr. P. Kumaran Ezhuthassan *(Vadakkancheri):* You are in a dream land, who says that it is unnecessary. It amounts to this. A good cause when it is mooted by any individual, my friend ought to realise that the proposition should be viewed from the stand point of who has brought it forward but whether the proposal is a useful one. Well, Sir, people can see through things. That is all, I wish to say just now; facts are facts. Cochinites have eyes to see. They will utilise their eyes and they will know who is who and what is what in Cochin. That time is not far off my friend is all that I have to tell him. I dismiss the Hon'ble Deputy Leader like that. I shall now go to my esteemed friend the accredited Labour Leader some of whose heroics, were mentioned by the Hon'ble Minister for Development. He advocates a blank cheque being given to the energetic Minister that he finds in the present Minister in charge of Labour. I am glad, Sir, that he views the Hon'ble member like that. Has he done so in actual practice? What was the thing? This man recommended and by my friend need not have been recommended to by him to the Hon'ble Minister. The Hon'ble Minister for Labour would have been able to find out the proper person and in that case would not have had the experience he mentioned here. That Hon'ble friend agrees with me in saying that the maximum consistent with the physical health of the officer is taken from the officer now at the head of the department. I was not pleading, Sir, as that Hon'ble Member did plead that the members of the Advisory Board should be increased. It only savours of something else. I have seen him doing these things. My Hon'ble friend put forward insinuations that officers resting in the armchairs would do better things than what are performed by persons who run about thereby accusing that the present Commissioner of Labour is inefficient. He may be inefficient. I have not tested him nor is it my purpose to test him. Even if that is so why beat an almost worked up horse. Why not allow him to retire as Commissioner of Labour after 2 years in unshattered health. What is my proposition? Get a proper man trained in the field who can help the Commissioner now and be the Commissioner when he retires. I am sorry it came from me. [Otherwise there would have been an applause. The definite attitude of a temporary numerical force, that I have been seeing exercised during these days not on the merits, but on the fact that they are so strong, tells me that if the motion is put to vote sure as anything, it will be lost. For that reason alone I press the cut motion.

Motion put and declared lost.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri):* A poll, Sir.

Ayes

Mr. P. Kumaran Ezhuthassan.

Noes

1. Mrs. K. M. R. Menon
2. Mr. P. K. Dewer
3. Mr. K. I. Velayudhan
4. Mr. K. T. Achuthan
5. Mr. K. S. Panicker
6. Mr. K. Kochukuttan
7. Mr. K. K. Kannan
8. Rao Sahib K. Ayyappan
9. Mr. P. Achutha Menon
10. Mr. P. K. Paul
11. Mr. P. Sankara Menon
12. Mr. M. I. Paul
13. Mr. M. K. Raja
14. Mr. C. R. Iyyunni
15. Choudhury G. S. Dhara Singh
16. Mr. C. S. Panicker
17. Mr. P. Mani
18. Mr. P. T. Jacob

Mr. President: The motion is lost, 1 vote for, and 18 against.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I have achieved my purpose, Sir, even as it is.

3. The Alagappa and Cochin Textiles—Allegations by the workers against the management

Mr. P. K. Dewer *(Nominated):* Sir, I move the following cut motion. To reduce the allotment of Rs. 30,272 for Labour by Re. 1 (the necessity of appointing a Committee of three with representatives of labour, capital and Government to enquire into the grievances of the workers of the Alagappa and Cochin Textiles concerns).

സർ, ഈ ഉപക്ഷേപം അവതരിപ്പിക്കുമ്പോൾ ഒരു എൻകപയറി കമ്മറി ഉള്ളതുകൊണ്ട് ഇങ്ങിനെ ഒരു ഉപക്ഷേപത്തിന്റെ ആവശ്യമുണ്ടോ എന്ന സംശയിച്ചേക്കാം. തൊഴിലാളിക്കും, മുതലാളിക്കും, ഗവമ്മെണ്ടിന്നും ഓരോ ആളെ വെച്ച്, ബഹുമാനപ്പെട്ട മന്ത്രിക്ക വേണമെങ്കിൽ അതിൽ ഒ ആളെ വെച്ച് കുറേക്കൂടി വലുതാക്കാം.

Mr. K. Balakrishna Menon *(Minister for Development):* Not invariably. എല്ലാ കാര്യത്തിലും അങ്ങിനെയില്ല.

മിസ്റ്റർ പി. കെ. ഡീവർ: മൂന്നാളെ, അതായത് തൊഴിലാളികളുടേയും മുതലാളികളുടേയും ഗവമ്മെണ്ടിന്റേയും ഓരോ പ്രതിനിധിയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കമ്മിറ്റിയെ നിയമിക്കുകയുള്ളു എന്നു കോൺഫ്രൻസിൽവെച്ച് പറഞ്ഞതിന്നുശേഷം ബഹുമാനപ്പെട്ട മന്ത്രി അഞ്ചാളടങ്ങിയ ഒരു കമ്മറിയാണ് വെച്ചിട്ടുള്ളത്. അങ്ങിനെ ഒരു കമ്മിറ്റി വെച്ചിട്ടുള്ളതുകൊണ്ട് ഇതിന്നു ആവശ്യമുണ്ടോ എന്ന ഒരു ചോദ്യത്തിന്നു വകയുണ്ട്. ആ കമ്മറിക്ക തൊഴിലാളികളുടെ അവശതകളെപ്പറ്റി ശരിയായ അന്വേഷണം നടത്തുവാൻ സാധ്യമല്ല എന്നുള്ളതുകൊണ്ടാണ് ഇങ്ങിനെ ഒന്നു വേണമെന്നു ഞാൻ പറയുന്നതു്. സർ, ഇങ്ങിനെ ഒരു കമ്മിറ്റി വേണമെന്നു പറയുന്നതു് ബഹുമാനപ്പെട്ട മന്ത്രിയുടെ അടുക്കൽ എന്റെ ഒരാളെ ഇതിൽ ഉൾപ്പെടുത്തണമെന്നു പറയുവാനല്ല. ലേബർ ഇൻസ്പെക്ടർമാരുടെ നിയമനം വന്നപ്പോൾ, ടാറ്റാ ഇൻസ്റ്റിട്ടൂട്ടിൽ ഇൻഡസ്ട്രിയൽ ലേബറിനെക്കുറിച്ച് പ്രത്യേകം പഠനമുള്ള ഒരാളുണ്ട്, ഈ നിയമസഭയിൽതന്നെ പല അനുദ്യോഗസ്ഥന്മാരും ചോദിക്കുകയുണ്ടായി അയാളെ എന്തുകൊണ്ട് ലേബർ ഇൻസ്പെക്ടറായി നിയമിക്കുന്നില്ല എന്നു്, ഞാൻ ചോദ്യം അയച്ചില്ല, ഞാൻ ദിവാൻജിക്കു എഴുതുകയുണ്ടായി, അയാൾ ഒരു വാലന്നാണു്, അതുകൊണ്ട് അയാൾക്കു കിട്ടുവാൻ അവകാശമുണ്ടെങ്കിൽ അതു അവഗണിക്കരുതു്, അതു കൺസീഡർ ചെയ്യണമെന്നു്. ഇതുണ്ടായിട്ടുള്ളതാണെങ്കിലും എനിക്കു അദ്ദേഹത്തോടു പറയുവാൻ നല്ല ധൈര്യമുണ്ടു്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അങ്ങാടിയിൽ തോറ്റതിന്നു അമ്മയോടു് എന്നു പറഞ്ഞപോലെയാണു്. ഭാഗ്യവശാലൊ നിർഭാഗ്യവശാലൊ അയാൾ എന്റെ ജാതിക്കാരനായിപ്പോയി. അതുകൊണ്ടു് ഒന്നുംവരുവാൻ പോകുന്നില്ലെന്നു് ഞാൻ നല്ലവണ്ണം അദ്ദേഹത്തെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു.

Mr. K. Balakrishna Menon *(Minister for Development):* I am sorry, Sir.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: ഉദ്യോഗസ്ഥന്മാരെ താങ്ങണമെന്നു തോന്നുമ്പോൾ താങ്ങുകയും പിന്നീട് കളയണമെന്നു തോന്നുമ്പോൾ അതു ചെയ്യുന്നതും മര്യാദക്കു മതിയെന്നു പറയാതെ നിവൃത്തിയില്ല. അളകപ്പാടെ ക്ലസ്റ്റെയിൽസിലെ കാര്യമാണ് ഞാൻ പറയുന്നതു്. അളകപ്പാ ടെക്സ്റ്റൈയിൽസിലെ തൊഴിലാളികൾക്കു പല അവശതകളുമുണ്ട്. അതു അന്വേഷിക്കാനായിട്ട് ഒരു കമ്മറിയെ വെക്കണമെന്നുള്ളതാണ് എന്റെ ഉപക്ഷേപം. ഇതിനു കാരണം ബഹുമാനപ്പെട്ട മന്ത്രിക്കോ മന്ത്രിയുടെ കീഴിലുള്ള ഉദ്യോഗസ്ഥന്മാക്കോ അവിടത്തെ തൊഴിലാളികളുടെ അവശതകൾ പരിഹരിക്കുന്നതിനു്, ആ അവശതകളെപ്പറ്റി ശരിയായ അന്വേഷണം നടത്തുന്നതിനു ഇതുവരെ സാധിച്ചിട്ടില്ല എന്നുള്ളതാണ്. സർ, ഫാക്ടറി ആക്ട് പ്രകാരം അതു നടന്നുവരുന്നുണ്ടോ? അവിടെ ഫ,ന്യ ൦ ൦ ൽപരം തൊഴിലാളികളുണ്ട്. വളരെപേർ സ്ത്രീകളാണ്. സ്ത്രീകൾ പണിയെടുക്കുന്ന ഫാക്ടറിയിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം പ്രത്യേകം വിശ്രമസ്ഥലം വേണമെന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അവിടെ പോയിട്ടുണ്ടെന്നാണ് ഞാൻ അറിയുന്നതു്. ഏതായാലും ലേബർ കമ്മീഷണരും മറ്റു ഉദ്യോഗസ്ഥന്മാരും അവിടെ പോയിട്ടുണ്ട്. അവിടെ പണ്ടുകാലത്തു് പണിയിച്ചിരുന്ന ഒരു ഗോഡൌൺ ഉണ്ട്. അതിന്റെ അകത്തു് ആളുകൾക്ക് ഇരിക്കുവാൻ ഒരു കീറപ്പായപോലുമുണ്ടോ? അവിടെ ചെല്ലുന്ന തൊഴിലാളികൾക്കു ഇരിക്കുവാൻ ഒരു കീറപ്പായപോലുമില്ല. അതാണ് തൊഴിലാളികൾക്കു വിശ്രമിക്കുന്നതിനുള്ള സ്ഥലമെന്നു പറയുന്നതു്. അതിനു രണ്ടു ജനാലകളും ഈ ഹാളിന്റെ വീതിയുള്ള ഒരു വാതിലുമുണ്ട്. ഇതു കാണുവാനായിട്ട അവിടെ പോയിട്ടുള്ള ഉദ്യോഗസ്ഥന്മാക്കു സാധിച്ചിട്ടില്ല. പക്ഷെ അവരുടെ കണ്ണു് അതിന്റെ അടുത്തുള്ള ആസ്പത്രിയിലേക്കു പോയേക്കും. അതു മനോഹരമായ ഒരു കെട്ടിടമാണ്. അതിന്റെ അകത്തു ചെന്നാൽ പേടിയാകും. അവിടെ എന്തെല്ലാം കൂടികിടക്കുന്നു. അതു മാത്രമല്ല, സർ, അവിടെ പണിയെടുക്കുന്ന തൊഴിലാളികളിൽ നിന്നു അന്യായമായി പിഴ ഈടാക്കുന്നു എന്ന ആക്ഷേപം അവിടത്തെ തൊഴിലാളികളും അവിടത്തെ തൊഴിലാളിസംഘടനയും ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ട്; ലേബർ കമ്മീഷണരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പിഴയല്ലെ?

മിസ്റ്റർ പി. കെ. ഡീവർ: അതെ. പാവപ്പെട്ട സ്ത്രീതൊഴിലാളികൾ പണിതെടുക്കുന്ന നൂല് പിഴയാണെന്നു പറഞ്ഞു് പിടിച്ചു എടുക്കുന്നു. യൂണിയൻ ലഘുലേഖയിൽ കാണുന്ന ഒരു ഭാഗം നിങ്ങളുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നുകൊള്ളുന്നു. "റീലിങ്ങിലെ സ്ത്രീതൊഴിലാളികളെ ഓരോ ദിവസവും മൂന്നും നാലും മണിക്കൂർവീതം പണിയെടുക്കുവാൻ അനുവദിക്കാതെ പുറത്തു നിർത്തുന്നു. അതുകൊണ്ടു മൂന്നണയും നാലണയും കൂലി കുറഞ്ഞുപോകുന്നു. നൂൽ കിഴിയാക്കി ചുറ്റുമ്പോൾ ചില എഴ കുറഞ്ഞുപോകുന്നു എന്നതാണ് സാധാരണ പറയുന്ന കുറ്റം. എഴ എണ്ണിനോക്കി ചുറ്റുവാനൊ, എഴ പൊട്ടാതെ ചുറ്റുവാനൊ ആർക്കുംതന്നെ സാദ്ധ്യമല്ല. കൂടുതൽ എഴ കുറവുണ്ടെങ്കിൽ കഴിയാക്കി കെട്ടുന്ന അവസരത്തിൽ, ചുറ്റിക്കെട്ടാൻ സാധിക്കും. എല്ലാ കമ്പനിയിലും ഇതാണ് പതിവു്. ഇവിടേയും അങ്ങിനെ ചുറ്റിക്കെട്ടുന്നുണ്ട്. എന്നാൽ അതിനുള്ള ശിക്ഷ മറ്റൊരിടത്തും ഇല്ലാത്തതാണ്. യൂണിയൻ ബലപ്പെടുന്നതിനുമുമ്പു് എഴ കുറവിനുള്ള ശിക്ഷ പാവു മുഴുവൻ പിഴയായി കൊണ്ടുപോകയായിരുന്നു. ഒരു ദിവസം മുഴുവൻ ചുറ്റിയ പാവു് അങ്ങിനെതന്നെ പിഴയായി കൊണ്ടുപോയിട്ടുള്ള ദിവസങ്ങൾ എത്രയോ ഉണ്ട്. ചിലപ്പോൾ അടുത്ത കൂട്ടുകാരിൽനിന്നു് കടം വാങ്ങി പിഴ കൊടുക്കേണ്ടതായും വരാറുണ്ട്. അതിന്റെ അർത്ഥം പട്ടിണി കിടന്നു രണ്ടുമണിക്കൂറും പത്തു മണിക്കൂറും പ്രവൃത്തിച്ചാൽ കടം വീട്ടാൻ വേറെ വഴി ഉണ്ടാക്കേണ്ടതായി വരുന്നു എന്നതാണ്. ഇനി ഒരുത്തരുവരെ സസ്പെണ്ടു്, ഡിസ്മിസ്സു് മുതലായ ശിക്ഷകൾ പത്തും പതിനഞ്ചും പേർക്കു് ഓരോ ദിവസവും ഉണ്ടാകാറുണ്ട്. അതും നിവർത്തേണ്ടിവന്നപ്പോൾ അണയായി പിഴയിടാൻ തുടങ്ങി. "പേമെണ്ടു് ഓഫ് വേജസ് ആക്ടി"ലെ വ്യവസ്ഥകൾക്കു വിപരീതമായിട്ടും പിഴയിട്ടിരുന്നു. മാത്രമല്ല പിഴയില്ലാത്തവർ ആ ഡിപ്പാർട്ടുമെണ്ടിൽ ആരുംതന്നെയില്ല എന്നതന്നെ പറയാം. അതും നിവർത്തേണ്ടിവന്നപ്പോൾ എടുത്ത ശിക്ഷാനടപടിയാണ് പുറത്തുനിർത്തൽ. മഴയുള്ളപ്പോൾ അതു മുഴുവൻ നനഞ്ഞുകൊണ്ടാണ് മൂന്നും നാലും മണിക്കൂർവീതം പുറത്തുനില്ക്കുന്നതു്. ഇങ്ങിനെ നിവർത്തിയതിന്റെ ഫലമായി അടുത്ത ദിവസം കാളി എന്ന സ്ത്രീയുടെ ദേഹം മുഴുവൻ മരവി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയും വീട്ടിലേക്ക് താങ്ങിക്കൊണ്ടുപോകേണ്ടതായും വന്നു. ഒരാഴ്ച അതോടുകൂടി പനിപിടിച്ചു കിടപ്പിലായി". ഇതെല്ലാം അളകാപുരിയിലെ അവസ്ഥകളാണ്". ഇതുപോലെ പലതും അവിടെ നടക്കുന്നുണ്ട്". ഞാൻ ഭീർഘമായി പറയുന്നില്ല. ഇതെല്ലാം കാണുവാനുള്ള അവസരം വന്നിട്ടുണ്ട്". ലേബർ കമ്മീഷണർ ഒരിക്കൽ അവിടെ ചെന്നപ്പോൾ ഗവണ്മെണ്ട് ഉടനെ ഒരു അഡ്"ജൂഡിക്കേഷനെവെച്ചു" അവരുടെ തക്കം അതിനു വിട്ടുകൊടുക്കാമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്കു അനുകമ്പയാണുള്ളതു". പക്ഷെ പാവപ്പെട്ട വാലൻഇൻസ്പെക്ടരെ താങ്ങുവാൻ പോകണ്ട.

